**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4397** **19-07-2022 - ൽ മറുപടിയ്ക്ക്**

**വയനാട് ജില്ലയിലെ ആദിവാസി കുടുംബങ്ങൾക്ക് ഭൂമി വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം വയനാട് ജില്ലയിൽ നാളിതുവരെ ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്ക് എത്ര ഭൂമി വിതരണം ചെയ്തിട്ടുണ്ട് എന്ന കണക്ക് താലൂക്ക് തിരിച്ച് ലഭ്യമാക്കാമോ; | (എ) | ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം വയനാട് ജില്ലയിൽ വാങ്ങിയ 12.93 ഏക്കർ ഭൂമിയിൽ 7.16 ഏക്കർ ഭൂമി സുൽത്താൻ ബത്തേരി താലൂക്കിലും, 5.77 ഏക്കർ ഭൂമി മാനന്തവാടി താലൂക്കിലും വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | നിലവിൽ ഭൂരഹിതരായ എത്ര ആദിവാസി കുടുംബങ്ങൾ വയനാട് ജില്ലയിൽ ഉണ്ടെന്നുള്ള സർക്കാർ കണക്ക് വ്യക്തമാക്കാമോ; | (ബി) | ലഭ്യമായ കണക്കുകൾ പ്രകാരം വയനാട് ജില്ലയിൽ ഭൂരഹിതരായ 3184 പട്ടിക വർഗ്ഗക്കാരാണുള്ളത് എന്നാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നത്. എസ്.റ്റി. പ്രമോട്ടർമാർ, കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ, തദ്ദേശ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ എന്നിവരുടെ സഹായത്തോടെ കൂടുതൽ ഭൂരഹിതരായവരുണ്ടോയെന്ന് പരിശോധിച്ചു വരികയാണ്. |
| (സി) | ഇവർക്ക് ഭൂമി ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (സി) | ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കുന്നതിനായി ലാന്റ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം എന്നീ പദ്ധതികൾ പ്രകാരം ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂമി കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ